<u>**15 -ാം കേരള നിയമസഭ**</u>

<u>**8 -ാം സമ്മേളനം**</u>

<u>**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2204**</u> <u>**09-02-2023 - ൽ മറുപടിയ്ക്ക്**</u>

<u>**നെല്ല് സംഭരണത്തിന്റെ കുടിശ്ശിക**</u>

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. ഷാഫി പറമ്പിൽ** | | **ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | നെല്ല് സംഭരിച്ചതിന്റെ പണം നൽകാത്തതിനാൽ കുട്ടനാട് മേഖലയിൽ ഉൾപ്പെടെ പാടശേഖര സമിതികളും കർഷകരും കൃഷിയിൽ നിന്നും പിന്മാറുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 2022-23 സീസണിൽ 6.02.2023 വരെ 2.030 ലക്ഷം മെട്രിക് ടൺ നെല്ല് 76611 കർഷകരിൽ നിന്നായി സംഭരിച്ചിട്ടുണ്ട്. |
| (ബി) | നെല്ല് സംഭരിച്ച ഇനത്തിൽ വിതരണം ചെയ്യാനുള്ള കുടിശ്ശികയുടെ വിശദാംശം നൽകുമോ; കുടിശ്ശിക അടിയന്തരമായി വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ? | (ബി) | സപ്ലൈകോ നാളിതുവരെ (27.01.2023) നെല്ല് സംഭരിച്ച ഇനത്തിൽ 46314 കർഷകർക്കായി 369.36 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്, 28698 കർഷകർക്ക് 195 കോടി രൂപ നൽകുവാനുണ്ട്. **തുക നൽകുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ചു വരുന്നു.** |

സെക്ഷൻ ഓഫീസർ